# കണ്ണൂർ സർവകലാശാല
## മലയാളവിഭാഗം
## പ്രവേശനപരീക്ഷ-സിലബസ്സ്
## രൂപരേഖ

കേരളത്തിലെ വിവിധ സർവകലാശാലകളിൽ നടപ്പിലാക്കിയിട്ടുളള ബി.എ/ ബി.എസ്.സി കോമൺകോഴ്സ് സിലബസും ബി.എ. മലയാളം ഐച്ഛിക സിലബസും മാതൃകയാക്കിക്കൊണ്ടുളള ചോദ്യാവലികളാണ് എം.എ.മലയാളം പ്രവേശനപരീക്ഷയ്ക്കായി തയ്യാറാക്കുക. മലയാള ഭാഷയെയും സാഹിത്യത്തെയും അനുബന്ധവിഷയങ്ങളെയും സംബന്ധിച്ചുളള വിദ്യാർത്ഥികളുടെ പൊതുധാരണ അടയാളപ്പെടുത്തുന്നതാണ് പരീക്ഷയുടെ രീതി.

മലയാളഭാഷ, വ്യാകരണം, ഭാഷാശാസ്ത്രം, കഥാസാഹിത്യം, കവിത, സാഹിത്യവിമർശനം, സാഹിത്യസിദ്ധാന്തങ്ങൾ, സാഹിത്യചരിത്രം, കേരളത്തിന്റെ സാംസ്കാരികചരിത്രം, നാടകം, ഇന്റർനെറ്റും സാഹിത്യവും തുടങ്ങിയ മേഖലകളെയെല്ലാം സ്പർശിച്ചുകൊണ്ടുളളതായിരിക്കും ചോദ്യാവലികൾ.

ആകെ നൂറുമാർക്കിന്റെ ചോദ്യങ്ങളാണ് ഉണ്ടാവുക. ശരിയായ ഉത്തരം അടയാള പ്പെടുത്തുന്നതിനുള്ള സംവിധാനത്തോടുകൂടിയതായിരിക്കും ചോദ്യപേപ്പർ. ഉത്തരം തെറ്റായി രേഖപ്പെടുത്തിയാൽ മൈനസ്മാർക്ക് ബാധകമാണ്. പരീക്ഷയുടെ ആകെ സമയം 02 മണി ക്കൂറാണ്.

**മൊഡ്യൂൾ-1**

ഭാഷ-നിർവ്വചനങ്ങൾ, മലയാളവും സംസ്കൃതവും-മലയാളവും തമിഴും - മിശ്രഭാ ഷാവാദം- വിവിധഗോത്രങ്ങൾ, സമുദ്ഭവസിദ്ധാന്തങ്ങൾ, പാട്ട് പ്രസ്ഥാനം, മണിപ്രവാളപ്രസ്ഥാനം, ശാസനങ്ങൾ, ഗാഥ, തുളളൽ, കിളിപ്പാട്ട്, വഞ്ചിപ്പാട്ട്, ആട്ടക്കഥ തുടങ്ങിയ പ്രസ്ഥാനങ്ങൾ-സാമാന്യപരിചയം.

**മൊഡ്യൂൾ - 2**

മലയാളകവിത-ആധുനികം-ആധുനികാനന്തരം: ആശാൻ, വളളത്തോൾ, ഉളളൂർ, ചങ്ങമ്പുഴ, ഇടശ്ശേരി, വൈലോപ്പിളളി, അക്കിത്തം, ഒ.എൻ.വി., സച്ചിദാനന്ദൻ, കെ.ജി.ശങ്കരപ്പിളള, ബാലചന്ദ്രൻ ചുളളിക്കാട്, വിജയലക്ഷ്മി, പി.പി.രാമചന്ദ്രൻ, എസ്.ജോസഫ് തുടങ്ങിയവരുടെ രചനാരീതി, ആവിഷ്കാരം, പുതുപ്രവണതകൾ.

**മൊഡ്യൂൾ - 3**

മലയാളചെറുകഥ-നോവൽ എന്നിവയുടെ ഉദ്ഭവം, വളർച്ച രൂപഭാവങ്ങൾ, ചരിത്രപരവും സാംസ്കാരികവുമായ പ്രത്യേകതകൾ ഇവയെക്കുറിച്ചുളള അന്വേഷണം-അപഗ്രഥനം

കേസരി വേങ്ങയിൽകുഞ്ഞിരാമൻ നായനാർ, ഇ.വി.കൃഷ്ണപ്പിളള, എം.ആർ.ബി, ഉറൂബ്, തകഴി, ടി.കെ.സി.വടുതല, ബഷീർ, എം.ടി., മാധവിക്കുട്ടി, വി.കെ.എൻ., സക്കറിയ, സാറാജോസഫ്, എൻ.പ്രഭാകരൻ, കെ.ആർ.മീര, സന്തോഷ് ഏച്ചിക്കാനം, പി.വി.ഷാജികുമാർ, പ്രിയ.എസ്. തുടങ്ങിയ എഴുത്തുകാരുടെ സംഭാവനകൾ-കഥാകഥനരീതി, പ്രത്യയശാസ്ത്രപരികല്പനകൾ, ആഖ്യാനത്തിലെ സവിശേഷതകൾ-സാംസ്കാരികമായ അടയാളപ്പെടുത്തലുകൾ-നൂതനപ്രവണതകൾ.

**മൊഡ്യൂൾ - 4**

മലയാളഭാഷ-സാഹിത്യവിമർശനം-ഉദ്ഭവം-വളർച്ച-സമീപനരീതികൾ-പാശ്ചാത്യപൗരസ്ത്യ സിദ്ധാന്തങ്ങളുടെ സ്വാംശീകരണം-വർത്തമാനകാലവിമർശനത്തിന്റെ കൈവഴികൾ.

മലയാള സാഹിത്യവിമർശനത്തിന്റെ പ്രാരംഭഘട്ടം-പത്രമാസികകൾ-ഏ.ആർ., പി.കെ.നാരായണപ്പിളള, സ്വദേശാഭിമാനി രാമകൃഷ്ണപ്പിളള, സി.പി.അച്യുതമേനോൻ തുടങ്ങിയവരുടെ വിമർശനരീതി.

നവോത്ഥാനഘട്ടം-കേസരി ബാലകൃഷ്ണപിളള, എം.പി.പോൾ, മാരാർ, മുണ്ടശ്ശേരി തുടങ്ങിയവരുടെ സംഭാവനകൾ.

മലയാളനിരൂപണത്തിന്റെ ആധുനികഘട്ടം; അഴീക്കോട്, എം.എൻ.വിജയൻ, എം.ലീലാവതി, കെ.പി.അപ്പൻ, വി.രാജകൃഷ്ണൻ, ആഷാമേനോൻ തുടങ്ങിയവരുടെ സമീപനരീതികൾ.

പുതിയ പ്രവണതകൾ-വി.സി.ശ്രീജൻ, പി.കെ.രാജശേഖരൻ, ജി.മധുസൂദനൻ, പി.പവിത്രൻ, സുനിൽ പി ഇളയിടം, ഇ.വി.രാമകൃഷ്ണൻ തുടങ്ങിയവരുടെ നിലപാടുകൾ-സാമാന്യപരിചയം, സംസ്കാരപഠനം-സാംസ്കാരികവിമർശനം-നൂതനപ്രവണതകൾ.

**മൊഡ്യൂൾ - 5**

മലയാളസാഹിത്യചരിത്രം- പാട്ട്- മണിപ്രവാളം-ഗാഥ-കിളിപ്പാട്ട്-ചമ്പു-ആട്ടക്കഥ-തുളളൽ -വെണ്മണി- മഹാകാവ്യം, ഖണ്ഡകാവ്യം തുടങ്ങിയ പ്രസ്ഥാനങ്ങൾ-നാഴികക്കല്ലുകളായ കൃതികൾ - ഇതിവൃത്തസ്വീകരണം-പ്രതിപാദനരീതികൾ-ഭാഷാപരമായ പ്രത്യേകതകൾ-മിഷണറി ഗദ്യം-ആദ്യകാലനിഘണ്ടുക്കൾ-ഉപന്യാസങ്ങൾ-ജീവചരിത്രങ്ങൾ-ആത്മകഥകൾ-യാത്രാവിവരണങ്ങൾ തുടങ്ങിയവ.

**മൊഡ്യൂൾ – 6**

ഭാഷാശാസ്ത്രം-വ്യാകരണം/ഭാഷ-നിർവ്വചനം-സാമാന്യലക്ഷണങ്ങൾ, ഭാരതത്തിലെഭാഷകളും ഗോത്രങ്ങളും- സ്വനം- സ്വനിമം- രൂപിമം- വ്യാകരണനിർവചനം- ഭാഷോല്പത്തി-വർണം അക്ഷരം- വർണവികാരം- സന്ധി- നാമം- ലിംഗം- വചനം-വിഭക്തി-സമാസം (കേരളപാണിനീയം അടിസ്ഥാനമാക്കി) തുടങ്ങിയവ സാമാന്യാവലോകനം-ഭാഷാഭേദങ്ങൾ-ആനുവംശികവും കക്ഷ്യാപരവുമായ വിഭജനങ്ങൾ -സ്വനപ്രക്രിയ-രൂപപ്രക്രിയ-വാക്യരചന-അർത്ഥവിജ്ഞാനം.

**മൊഡ്യൂൾ – 7**

കേരളത്തിന്റെ സാംസ്കാരികചരിത്രം-ദേശീയപ്രസ്ഥാനം- പ്രക്ഷോഭങ്ങൾ- സാമൂഹികവും രാഷ്ട്രീയവുമായ മുന്നേറ്റങ്ങൾ-അച്ചടിയും പത്രപ്രവർത്തനവും-സിനിമയും ടെലിവിഷനും- ഫോക്‌ലോർ-ഫോക്‌ലോർ ജനുസ്സുകൾ-ഫോക്‌ലോറിസം- മെറ്റാ ഫോക്‌ലോർ- പ്രായോഗികഫോക്‌ലോർ-സാമാന്യപരിചയം.

**മൊഡ്യൂൾ – 8**

മാധ്യമപരിചയം-വിവരസാങ്കേതികവിദ്യാവികസനം-മാധ്യമചരിത്രം-ഇന്ത്യയിലും കേരളത്തിലും-വാർത്തകളുടെ സ്വഭാവം, റിപ്പോർട്ടിംഗ് സിറ്റിസൺജേർണലിസം- കമ്പ്യൂട്ടർ-ഹാർഡ് വേർ-സോഫ്റ്റ്‌വേർ-ഇന്റർനെറ്റ്-ഇന്റർനെറ്റ് സേവനമേഖലകൾ - ഇ-വായന, ഇ-എഴുത്ത്, ഇ-നിഘണ്ടു, ബ്ലോഗ് സാഹിത്യം, സൈബർ ആക്ടിവിസം- പൊതുധാരണ.

**മൊഡ്യൂൾ–9**

പാശ്ചാത്യ- പൗരസ്ത്യസിദ്ധാന്തങ്ങൾ- കാവ്യം- ഹേതുക്കൾ-പ്രയോജനം-നിർവചനം-ധ്വനി-രസം-അലങ്കാരം-ക്ലാസ്സിസിസം-റൊമാന്റിസിസം-റിയലിസം-തുടങ്ങിയവയെക്കുറിച്ചുള്ള ധാരണ-പ്ലാറ്റോ-അരിസ്റ്റോട്ടിൽ-ടോൾസ്റ്റോയ്-തുടങ്ങിയവരുടെ വിചിന്തനങ്ങൾ.